പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T-4778

01.07.2013- ലെ മറുപടിക്ക്.

## നിർവ്വഹണ ഏജൻസികൾക്ക് കേന്ദ്ര ഫണ്ട് നേരിട്ട് കൈമാറുന്ന രീതി

**ചോദ്യം**

ശ്രീ. അബ്ദുസ്സമദ് സമദാനി
ശ്രീ. എൻ എ നെല്ലിക്കുന്ന്
ശ്രീ. സി മോയിൻകുട്ടി
ശ്രീ. എൻ ഷംസുദ്ദീൻ

**ഉത്തരം**

ശ്രീ.ഉമ്മൻ ചാണ്ടി
(ബഹു. മുഖ്യമന്ത്രി)

(എ) സംസ്ഥാനത്തെ നിർവ്വഹണ ഏജൻസികൾക്ക് കേന്ദ്ര ഫണ്ട് നേരിട്ട് കൈമാറുന്ന രീതി അവലംബിച്ചതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(എ) മാനുഷിക വികസനം സാധ്യമാക്കുന്നതിലേയ്ക്കായി ലക്ഷ്യങ്ങൾ നേടിയിട്ടില്ലാത്തതും നിലവിൽ മറ്റ് പദ്ധതികൾ ഇല്ലാത്തതുമായ റോഡ്, പാർപ്പിടം (അടിസ്ഥാന സൗകര്യ വികസനം), കൃഷി (പശ്ചാത്തലം), ആരോഗ്യം, വിദ്യാഭ്യാസം (സാമൂഹികം) എന്നീ മേഖലകളിൽ പ്രാദേശിക പ്രാധാന്യം അനുസരിച്ച് ഊന്നൽ നൽകി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുകയും, വേഗത്തിൽ ലക്ഷ്യങ്ങൾ കൈവരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഭാരത സർക്കാർ (ഭാരത് നിർമ്മാൺ/ ഫ്ളാഗ്ഷിപ്പ് പദ്ധതികൾ) ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് നേരിട്ട് കൈമാറുന്ന രീതി അവലംബിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് ഏതൊക്കെ ഏജൻസികൾക്കാണ് ഇത്തരത്തിൽ നേരിട്ട് ഫണ്ട് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നേരിട്ട് ഫണ്ട് ലഭ്യമാകുന്ന ഏജൻസികൾ താഴെ പറയുന്നവയാണ്.

1. ആരോഗ്യ വകുപ്പ് (എൻ.ആർ.എച്ച്.എം.)
2. കൃഷി വകുപ്പ് (എസ്.എച്ച്.എം.)
3. ഗ്രാമ വികസന വകുപ്പ് (എം.ജി.എൻ.ആർ.ഇ.ജി.എസ്., ഐ.എ.വൈ., പി.എം.ജി.എസ്.വൈ.)
4. പൊതു വിദ്യാഭ്യാസം (മിഡ്ഡെ മീൽ, എസ്.എസ്.എ.)